# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **22.03.2013-ൽ മറുപടിക്ക്**

**ചോദ്യം നം.1531**

## ചാലക്കുടി അഗ്രോ റിസർച്ച് സ്റ്റേഷനിൽ വാട്ടർ മാനേജ്മെന്റ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ നിർദ്ദേശിച്ച തുക

**ചോദ്യം**

ശ്രീ.ബി.ഡി.ദേവസ്സി

**മറുപടി**

**ശ്രീ.കെ.പി.മോഹനൻ**

(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) വാട്ടർ മാനേജ്മെന്റ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി 2012 - 2013 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശത്തിലുള്ള മുഴുവൻ തുകയും ചാലക്കുടി എ.ആർ.എസ്. ന് അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

എ) കേരള സർക്കാരിന്റെ 2012 – 2013 -ലെ പ്ലാൻ പ്രൊപ്പോസലിൽ ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷനിൽ വാട്ടർ ടെക്നോളജി സെന്റർ സ്ഥാപിക്കാൻ 75 ലക്ഷം രൂപയും ജലപരിപാലനത്തിൽ കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ പ്രസ്തുത കേന്ദ്രങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഗവേഷണത്തിന് 150 ലക്ഷം രൂപയും വക കൊള്ളിച്ചിരുന്നു. മേൽപറഞ്ഞ ഗവേഷണ പ്രവർത്തനങ്ങളെല്ലാം ചാലക്കുടി അഗ്രോണമിക് റിസെർച്ച് സ്റ്റേഷന്റെ നേതൃത്വത്തിലാണ് ഉദ്ദേശിച്ചിരുന്നത്.

മേൽ നിർദ്ദേശം അനുസരിച്ച് 225 ലക്ഷം രൂപയ്ക്കുള്ള പദ്ധതി കേരള സർക്കാരിന് സമർപ്പിച്ചിരുന്നു. ചാലക്കുടി ഗവേഷണ കേന്ദ്രത്തിന് 50 ലക്ഷം രൂപയ്ക്കുള്ള പദ്ധതിയ്ക്ക് മാത്രമേ അംഗീകാരം നൽകിയിട്ടുള്ളൂ.

**സെക്ഷൻ ആഫീസർ**